മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ: 0481-2733370

വാർത്താക്കുറിപ്പ്

2025 ഡിസംബർ 5

യൂ.ഐ ഗ്രീൻമെട്രിക് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗ് - സംസ്ഥാനത്ത് ഒന്നാമതായി എംജി സർവകലാശാല

105 രാജ്യങ്ങളിലെ 1745 വിദ്യാഭ്യാസ സ്ഥാപനങ്ങളെ സുസ്ഥിര പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്തിയ പതിനഞ്ചാമത് യൂ.ഐ ഗ്രീൻമെട്രിക് വേൾഡ് യൂണിവേഴ്സിറ്റി റാങ്കിങ്ങിൽ മഹാത്മാ ഗാന്ധി സർവകലാശാല ആഗോളതലത്തിൽ 420-ാം സ്ഥാനവും, ഇന്ത്യയിൽ 17-ാം സ്ഥാനവും, കേരളത്തിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കി.

ജലസംരക്ഷണം, മാലിന്യ സംസ്കരണം, ഹരിത ചട്ടങ്ങളിലൂന്നിയ ഗതാഗതം, സുസ്ഥിരവിദ്യാഭ്യാസവും ഗവേഷണവും തുടങ്ങിയ വിഷയങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാണ് ഗ്രീൻമെട്രിക് റാങ്കിങ് ഏർപ്പെടുത്തിയിരിക്കുന്നത്.

(പി.ആർ.ഒ/39/2266/2025)

1.09 കോടിയുടെ ഇന്ത്യ നോർവീജിയൻ ഗവേഷണ പദ്ധതി എംജി സർവ്വകലാശാലയ്ക്ക്

മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ സ്കീം ഫോർ പ്രമോഷൻ ഓഫ് അക്കാദമിക് ആൻഡ് റിസർച്ച് കൊളാബറേഷൻ പദ്ധതിയിൽ 1.09 കോടി രൂപയുടെ ഇന്ത്യ നോർവീജിയൻ സംയുക്ത ഗവേഷണ പദ്ധതി കരസ്ഥമാക്കി എം ജി സർവകലാശാല. സ്റ്റിറോയ്ഡ് ഹോർമോണുകളും അവയുടെ മെറ്റബോളൈറ്റുകളും ജല ആവാസ വ്യവസ്ഥയ്ക്കും ജീവിവർഗങ്ങൾക്കും മനുഷ്യർക്കും ഉണ്ടാക്കുന്ന ഭീഷണി വിലയിരുത്താനുള്ള ഒരു 'വൺ ഹെൽത്ത് സമീപനം' സംബന്ധിച്ചാണ്

ഗവേഷണം. മഹാത്മാഗാന്ധി സർവ്വകലാശാല വൈസ് ചാൻസലർ പ്രൊഫ.ഡോ.സി.ടി അരവിന്ദകുമാർ ഇന്ത്യൻ ഗവേഷക സംഘത്തിലെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേനുറായും സർവ്വകലാശാലയിലെ ഇന്റർ യൂണിവേഴ്സിനി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് സീനിയർ സയന്റിസ്റ്റ് ഡോ. ഗൗതം ചന്ദ്ര, കുസാനിലെ പ്രൊഫ. ഉഷ കെ. അരവിന്ദ് എന്നിവർ ഇന്ത്യൻ കോ ഇൻവെസ്റ്റിഗേനുർമാരായും പ്രവർത്തിക്കും. വിദേശ ഗവേഷക സംഘത്തെ നയിക്കുന്നത് നോർവീജിയൻ യൂണിവേഴ്സിനി ഓഫ് ലൈഫ് സയൻസസിലെ പ്രൊഫ. റോളണ്ട് കലൻബോൺ ആണ്. യൂണിവേഴ്സിനി ഓഫ് ഔളുവിലെ പ്രൊഫ. അർജ റൗഡിയോ വിദേശ കോ ഇൻവെസ്റ്റിഗേനുർ ആയി പ്രവർത്തിക്കും.
(പി.ആർ.ഒ/39/2267/2025)

ഖേലോ ഇന്ത്യ യൂണിവേഴ്സിറ്റി ഗെയിംസ് വനിതാ ബാസ്ക്കറ്റ് ബോളിൽ കിരീടം നേടി എം.ജി. സർവകലാശാല

രാജസ്ഥാൻ വേദിയായ ഖേലോ ഇന്ത്യ യൂണിവേഴ്സിനി ഗെയിംസ് വനിതാ ബാസ് ക്കൻബോളിൽ മഹാത്മാഗാന്ധി സർവകലാശാല ജേതാക്കളായി. ജയ്പൂരിൽ നടന്ന ഫൈനലിൽ ചെന്നൈയിലെ എസ്.ആർ.എം സർവകലാശാലയെ 74-60 നാണ് എംജി പരാജയപ്പെടുത്തിയത്. 17 പോയിന്റുമായി അക്ഷയ ഫിലിപ്പ് എംജിക്കായി ടോപ്പ് സ്കോററായി. ഐറിൻ എൽസ ജോൺ 14 പോയിന്റും കൃഷ്ണപ്രിയ എസ്.എസ് 13 പോയിന്റും നേടി മികച്ച പ്രകടനം കാഴ്ചവച്ചു.
മത്സരത്തിന്റെ തുടക്കം മുതൽ തന്നെ എംജി ലീഡ് നിലനിർത്തി ആദ്യ പാദം 15-10ന് മുന്നിലാണ് എംജി അവസാനിപ്പിച്ചത്.

സെമിഫൈനലിൽ ബംഗളൂരുവിലെ ക്രൈസ്റ്റ് യൂണിവേഴ്സിനിയെ 70-61 നാണ് എംജി പരാജയപ്പെടുത്തിയത്. സാന്ദ്ര ഫ്രാൻസിസ് നേതൃത്വം നൽകിയ എംജി ടീമിൽ റീന റോണാൾഡ്, ഐറിൻ എൽസ ജോൺ, ആർഡ സേവ്യർ, നീസ ഹർഷൻ, ആതിര ദാസ് പി.കെ., എഡ്‌ലിന ആൻ ജോസഫ്, ജീവമോൾ സണ്ണി, ഐശ്വര്യ പി.കെ., അജിന എ, അക്ഷയ ഫിലിപ്പ്, കൃഷ്ണപ്രിയ എസ്.എസ് എന്നിവരാണ് മനുംഗങ്ങൾ. സി.വി. സണ്ണി ഹെഡ് കോച്ചായും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിലെ ജോബിൻ അസിസ്റ്റന്റ് കോച്ചായും സുമ ജോസഫ് മാനേജറായും പ്രവർത്തിച്ചു.
(പി.ആർ.ഒ/39/2268/2025)

ഡിജിറ്റൽ ലാൻഡ് സർവേ കോഴ്സ്

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡോ. ആർ. സതീഷ് സെൻറർ ഫോർ റിമോട്ട് സെൻസിംഗ് ആൻഡ് ജിഐഎസ് നടത്തുന്ന ഡിജിറ്റൽ ലാൻഡ് സർവേയിംഗ് ആൻഡ് ഡ്രാഫ്റ്റിംഗ് കോഴ്സിൻറെ പുതിയ ബാച്ചിലേക്ക് ഇപ്പോൾ അപേക്ഷിക്കാം.

സിവിൽ എൻജിനീയറിംഗ്, ലാൻഡ് സർവേയിംഗ് മേഖലകൾക്കാവശ്യമായ വിശദമായ മാപ്പുകൾ, പ്ലാനുകൾ, ഡ്രോയിംഗുകൾ തുടങ്ങിയവ ടോട്ടൽ സ്റ്റേഷൻ, ഡിഫെറൻഷ്യൽ ജിപിഎസ്, ഓട്ടോലെവൽ, ഓട്ടോകാഡ് ഡ്രാഫ്റ്റിംഗ് എന്നിവയുടെ സഹായത്തോടെ തയ്യാറാക്കുന്നതിനുള്ള മൂന്നു മാസത്തെ പരിശീലനമാണിത്. ഡിസംബർ 15 വരെ അപേക്ഷകൾ സ്വീകരിക്കും. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ (https://ses.mgu.ac.in) ഫോൺ- 8590282951

(പി.ആർ.ഒ/39/2269/2025)

റഗുലർ ഫുൾ ടൈം ഹ്രസ്വകാല പ്രോഗ്രാം

മഹാത്മാ ഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട് ടേം പ്രോഗ്രാംസ് (ഡാസ്പ്) നടത്തുന്ന ഡിപ്ലോമ ഇൻ ബേക്കറി ആൻഡ് കൺഫെക്ഷണറി ആർട്സ് (യോഗ്യത-പ്ലസ് ടു) ഒഴിവുള്ള സീറ്റുകളിലേക്ക് ജനുവരി അഞ്ചു വരെ അപേക്ഷിക്കാം. വിശദ വിവരങ്ങൾ www.dasp.mgu.ac.in എന്ന വെബ്സൈറ്റിൽ. ഇമെയിൽ:dasp@mgu.ac.in ഫോൺ -8078786798, 0481 2733292

(പി.ആർ.ഒ/39/2270/2025)

പരീക്ഷാ തീയതി

എട്ടാം സെമസ്റ്റർ ബിഎച്ച്എം (പഴയ സ്കീം- 2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻറി, 2014 മുതൽ 2016 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾ ജനുവരി ഏഴു മുതൽ നടക്കും.

(പി.ആർ.ഒ/39/2271/2025)

പരീക്ഷാഫലം

നാലാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്.സി കെമിസ്ട്രി (2015 മുതൽ 2018 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) മെയ് 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 19 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

……..

അഞ്ചാം സെമസ്റ്റർ ത്രീവത്സര ഏകീകൃത എൽഎൽബി (2022 അഡ്മിഷൻ റഗുലർ സ്പെഷ്യൽ സപ്ലിമെന്ററി) സെപ്തംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

……..

ഒൻപതാം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ, ബിബിഎ എൽഎൽബി (ഓണേഴ്സ്) (2020 അഡ്മിഷൻ റഗുലർ തോറ്റവർക്കായുള്ള സ്പെഷ്യൽ സപ്ലിമെന്ററി) സെപ്തംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് അടച്ച് ഡിസംബർ 20 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/2272/2025)

പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബിഎസ്.സി ഇൻഫർമേഷൻ ടെക്നോളജി മോഡൽ 3 (സിബിസിഎസ്) (പുതിയ സ്കീം-2023 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) നവംബർ 2025ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ

ഡിസംബർ 10 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/2273/2025)

പബ്ലിക് റിലേഷൻസ് ഓഫീസർ